**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3862** **03-03-2023 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വടകര-മാഹി കനാലിന്റെ ഭാഗമായുള്ള മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | വടകര-മാഹി കനാലിന്റെ ഭാഗമായുള്ള മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിന്റെ 72% പ്രവൃത്തി പൂർത്തീകരിച്ചു. ഇരുകരകളിലും അബട്ട്മെന്റ്, ലോക്ക് വാൾ, പാലത്തിന്റെ ഗർഡറുകൾ, ക്രോസ് ഗർഡറുകൾ, കനാൽ ഭാഗത്തെ ആപ്രൺ എന്നീ പ്രവൃത്തികൾ പൂർത്തിയായി. വാട്ടർ സൈഡ് ആപ്രൺ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. പ്രധാന ലോക്ക് പിയറിന്റെയും റെഗുലേറ്റർ ഷട്ടറിന്റെയും പ്രവൃത്തികൾ, ഡക്ക് സ്ലാബിന്റെ നിർമ്മാണം തുടങ്ങിയവ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | അപ്രോച്ച് റോഡിന്റെ ഇടതുകരയിലെ പൈലിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ഈ രണ്ടു പ്രവൃത്തികളും എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ലോക്ക് കം ബ്രിഡ്ജിന്റെ പ്രവൃത്തി 2023 ഏപ്രിൽ മാസം അവസാനത്തോടെയും കഴിഞ്ഞ മാസം ആരംഭിച്ച അപ്രോച്ച് റോഡിന്റെ പ്രവൃത്തി 2023 സെപ്റ്റംബർ മാസം അവസാനത്തോടെയും പൂർത്തീകരിക്കത്തക്ക രീതിയിലാണ് പ്രവൃത്തി നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ